**പതിനാലാം കേരള നിയമസഭ**

**പതിനാലാം സമ്മേളനം**

12.02.2019 ലെ മറുപടിയ്ക്ക്.

നക്ഷത്രചിഹ്നമിടാത്ത

ചോദ്യം നം. 2545

**പട്ടികജാതിക്കാരുടെ ഉന്നമനത്തിനുള്ള പ്രധാന പദ്ധതികൾ**

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ. എസ്.ശർമ്മ,<br>ശ്രീ. ബി.സത്യൻ,<br>ശ്രീ. ആർ. രാജേഷ്,<br>ശ്രീ. മുരളി പെരുനെല്ലി** | | **എ. കെ. ബാലൻ**<br>പട്ടിക ജാതി - പട്ടിക വർഗ്ഗ പിന്നോക്ക സമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി |
| (എ) | പട്ടികജാതിക്കാരുടെ ഉന്നമനത്തിനായി ഈ സർക്കാർ നടപ്പിലാക്കി വരുന്ന പ്രധാന പദ്ധതികൾ എന്തെല്ലാമാണ്; അവയുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) | പട്ടികജാതിക്കരുടെ ഉന്നമനത്തിനായി നിലവിൽ നടപ്പിലാക്കി വരുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു.<br>1. ഭൂരഹിതർക്ക് ഭവന നിർമ്മാണത്തിനുള്ള ഭൂമി<br>2. ഭവനരഹിതർക്ക് ഭവനം, പഠനമുറി<br>3. പട്ടികജാതി വിഭാഗത്തിലെ ദുർബ്ബല വിഭാഗത്തിനുള്ള വികസന പരിപാടികൾ<br>4. പ്രത്യേക ഘടക പദ്ധതിയിൽ ഉൾപ്പെട്ട പ്രത്യേക പ്രോജക്ടുകൾക്കുള്ള പൂൾഡ് ഫണ്ട്<br>5. മരാമത്തും കെട്ടിടവും<br>6. പട്ടികജാതി വികസന വകുപ്പിന്റെ നവീകരണവും ഇ-ഗവേണൻസ് സംരംഭങ്ങളും<br>7. പ്രത്യേക ഘടകപദ്ധതി പ്രകാരമുള്ള കോർപ്പസ് ഫണ്ട് (വികസന പരിപാടികളിലെ നിർണ്ണായകമായ വിടവ് നികത്തൽ പദ്ധതി)<br>8. പട്ടികജാതി പട്ടികവർഗ്ഗ ഫെഡറേഷനുള്ള ധനസഹായം<br>9. പട്ടികജാതി യുവതികൾക്ക് വിവാഹധനസഹായം<br>10. വെള്ളായണിയിലുള്ള അയ്യൻകാളി മെമ്മോറിയൽ മാതൃക റസിഡൻഷ്യൽ സ്പോർട്സ് സ്കൂൾ ഉൾപ്പെടെയുള്ള മാതൃക റസിഡൻഷ്യൽ സ്കൂളുകളുടെ നടത്തിപ്പ്<br>11. പട്ടികജാതി വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസത്തിനായുള്ള ധനസഹായം<br>12. തൊഴിലിനും, പരിശീലനത്തിനും മാനവവിഭവശേഷി വികസനത്തിനുമുള്ള സഹായം<br>13. കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ ലിമിറ്റഡ് - |

| | | | |
|---|---|---|---|
| | | | എസ്.സി.പി (51% സംസ്ഥാന വിഹിതം)<br>14. ആൺകുട്ടികളുടെ ഹോസ്റ്റൽ നിർമ്മാണ (സംസ്ഥാന വിഹിതം)<br>15. പൗരാവകാശ സംരക്ഷണ നിയമവും അതിക്രമങ്ങൾ തടയൽ നിയമം നടപ്പാക്കലും (50% സംസ്ഥാന വിഹിതം)<br>16. ആരോഗ്യ സംരക്ഷണ പദ്ധതി<br>17. വാത്സല്യനിധി പദ്ധതി<br>18. എല്ലാ ജില്ലകളിലും വർക്കിംഗ് വിമൻസ് ഹോസ്റ്റൽ<br>19. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖേന നടപ്പിലാക്കുന്ന പരിപാടികൾ<br>(a) പ്രധാനമന്ത്രി ആവാസ് യോജന (പ്രത്യേക ഘടക പദ്ധതി (40% സംസ്ഥാന വിഹിതം)<br>(b) എൻ.ആർ.എൽ.എം. (ദേശീയ ഗ്രാമീണ ഉപജീവന മിഷൻ) പ്രത്യേക ഘടക പദ്ധതി (40% സംസ്ഥാന വിഹിതം)<br>20. പ്രത്യേക ഘടക പദ്ധതിയ്ക്കുള്ള പ്രത്യേക കേന്ദ്ര സഹായം<br>കൂടാതെ താഴെ പറയുന്ന 100% കേന്ദ്രധന സഹായത്തോടെയുള്ള പദ്ധതികൾ വകുപ്പ് നടപ്പിലാക്കി വരുന്നു.<br>21. പട്ടികജാതി വിദ്യാർത്ഥികൾക്ക് പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ്<br>22. പട്ടികജാതി വിദ്യാർത്ഥികളുടെ നിലവാരം മെച്ചപ്പെടുത്തൽ<br>23. പെൺകുട്ടികളുടെ ഹോസ്റ്റൽ നിർമ്മാണം (പോസ്റ്റ് മെട്രിക്) ജഗജീവൻ റാം ഛത്രവാസ് യോജന<br>24. വൃത്തിഹീന തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവരുടെ കുട്ടികൾക്കുള്ള പ്രീമെട്രിക് സ്കോളർഷിപ്പുകൾ<br>25. 9 ഉം 10 ഉം ക്ലാസ്സുകളിൽ പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്കായുള്ള പ്രീമെട്രിക് സ്കോളർഷിപ്പ് (100% കേന്ദ്രവിഹിതം)<br>26. നാഷണൽ കർമ്മചാരി ഫിനാൻസ് ഡെവലപ്മെന്റ് കോർപ്പറേഷൻ (NSKFDC)<br>27. വെഞ്ചർ കാപ്പിറ്റൽ ഫണ്ട് ഫോർ എസ്.സി<br>28. ക്രെഡിറ്റ് എൻഹാൻസ്മെന്റ് ഗാരന്റി സ്കീം ഫോർ എസ്.സി<br>29. അസിസ്റ്റൻസ് റ്റു വോളിയന്ററി ഓർഗനൈസേഷൻ വർക്കിംഗ് ഫോർ വെൽഫെയർ ഓഫ് എസ്.സി<br>30. പ്രധാനമന്ത്രി ആദർശ ഗ്രാമ യോജന<br>പദ്ധതികളുടെ പുരോഗതി വിലയിരുത്താറുണ്ട്. |

| | | | |
|---|---|---|---|
| | | | വിവിധ പദ്ധതികളുടെ പുരോഗതി മന്ത്രി തലത്തിലും ഡയറക്ടറേറ്റ് തലത്തിലും, ജില്ലാതലത്തിലും അവലോകന യോഗം ചേർന്ന് വിലയിരുത്തി വരുന്നു. |
| (ബി) | ഭവന നിർമ്മാണ പദ്ധതിയുടെയും ഭൂമി വാങ്ങുന്ന പദ്ധതിയുടെയും പ്രയോജനം എത്ര കുടുംബങ്ങൾക്ക് ലഭിച്ചുവെന്നതിന്റെ കണക്ക് ലഭ്യമാണോ; ഈ സർക്കാർ അധികാരത്തിലെത്തിയ ശേഷം എത്ര വീടുകൾ പൂർത്തീകരിക്കാനായിട്ടുണ്ട് ;വിശദമാക്കുമോ ; | (ബി) | വകുപ്പ് നടപ്പിലാക്കി വരുന്ന ഭവന നിർമ്മാണ ധനസഹായ പദ്ധതി 2007-08 മുതൽ 2017-18 വരെ 98152 പേർക്കും, ഭൂരഹിത പുനരധിവാസ പദ്ധതി പ്രകാരം 2016-17 മുതൽ 2018-19 വരെ 10583 കുടുംബങ്ങൾക്കും ധനസഹായം നൽകിയിട്ടുണ്ട്.<br>ഈ സർക്കാർ അധികാരമേറ്റശേഷം 2016-17 വർഷം 14906 വീടുകൾ അനുവദിച്ചതിൽ 10760 വീടുകൾ പൂർത്തീകരിച്ചിട്ടുണ്ട്. 2017-18 വർഷം അനുവദിച്ച 8895 വീടുകളിൽ 4897 വീടുകളും പൂർത്തീകരിച്ചിട്ടുണ്ട്.<br>2007-08 മുതൽ 2015-16 വരെ അനുവദിച്ചതിൽ പൂർത്തിയാകാതെ അവശേഷിച്ചതിൽ 9243 വീടുകൾ നാളിതുവരെ പൂർത്തീകരിച്ചിട്ടുണ്ട്. |
| (സി) | ലൈഫ് മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തിയ വീടുകളുടെ നിർമ്മാണം സമയബന്ധിതമായി പൂർത്തീകരിക്കാനായി വകുപ്പ് സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമാണ്; | (സി) | ലൈഫ് മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി നിലവിൽ പുതിയ വീടുകൾ അനുവദിച്ചിട്ടില്ല. വകുപ്പിന്റെ സ്പിൽ ഓവർ വീടുകളിൽ 3533 എണ്ണം ലൈഫ് മിഷൻ മാനദണ്ഡപ്രകാരം പൂർത്തീകരിച്ചിട്ടുണ്ട്. സ്പിൽ ഓവർ വീടുകൾ ലൈഫ് മിഷൻ മാനദണ്ഡ പ്രകാരം തുക അനുവദിച്ച് പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. |
| (ഡി) | പട്ടികജാതി കോളനികളിലെ സൗകര്യം വർദ്ധിപ്പിക്കാനുള്ള അംബേദ്കർ ഗ്രാമ പദ്ധതി പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്താൻ വേണ്ട നടപടി സ്വീകരിക്കുമോ? | (ഡി) | പട്ടികജാതി കോളനികളിലെ അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കുന്നതിനായുള്ള അംബേദ്കർ ഗ്രാമപദ്ധതി പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് ത്വരിതപ്പെടുത്തുന്നതിന് അവലോകന യോഗങ്ങൾ കൃത്യമായി നടത്തുന്നുണ്ട്. |

സെക്ഷൻ ഓഫീസർ